"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്-ജീവനക്കാര്യം- കോഴിക്കോട് ഡിവിഷനിൽ താമരശ്ശേരി റേഞ്ചിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സേവനത്തിലിരിക്കേ മരണമടഞ്ഞ പി.ഗിരീഷിന്റെ പേരിൽ നിലനിൽക്കുന്ന ബാദ്ധ്യത എഴുതിത്തള്ളുന്നതിന് അനുമതി നൽകി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.154/2024/F&WLD    തീയതി,തിരുവനന്തപുരം, 20-03-2024.

---

പരാമർശം:- ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 17.10.2022, 22.03.2023 തീയതികളിലെ എച്ച്4/4693/2022 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

കോഴിക്കോട് ഡിവിഷനിൽ താമരശ്ശേരി റേഞ്ചിൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സേവനത്തിലിരിക്കേ 14.01.2021 ൽ മരണമടഞ്ഞ പി.ഗിരീഷിന്റെ പേരിൽ നിലനിൽക്കുന്ന ഭവനനിർമ്മാണ വായ്പയുൾ പ്പെടെയുള്ള ബാദ്ധ്യതയായ 5,14,188/- രൂപയിൽ 5,00,000/- രൂപ ഒഴിവാക്കി നൽകണമെന്നാവശ്യപ്പെട്ട് പരാമർശ കത്ത് പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. സെക്ഷൻ ഫോറസ്റ്റ് ഓഫീസറായി സേവനത്തിലിരിക്കേ 14.01.2021 ൽ മരണമടഞ്ഞ പി.ഗിരീഷിന്റെ പേരിലുള്ള ആകെ ബാധ്യതയായ 5,14,188/- രൂപയിൽ ഭവന നിർമ്മാണ വായ്പ പലിശയിനത്തിലെ ബാധ്യതയായ 2,72,813/- രൂപ (രണ്ട് ലക്ഷത്തി എഴുപത്തിരണ്ടായിരത്തി എണ്ണൂറ്റി പതിമൂന്ന് രൂപ മാത്രം) ഒഴിവാക്കുന്നതിനും, മുതലിനത്തിലെ ബാധ്യതയായ 1,96,000/- രൂപ (ഒരു ലക്ഷത്തി തൊണ്ണൂറ്റിയാറായിരം രൂപ മാത്രം) "2075-00-795-98-HBA write off(N/V)" എന്ന ശീർഷകത്തിൽ ചെലവും "7610-00-201-98-HBA-State Service Officers(N/V)" എന്ന ശീർഷകത്തിൽ വരവും കാണിച്ച് എഴുതിത്തള്ളുന്നതിനും 17.07.2017 ലെ സ.ഉ. (പി) 91/2017/ധന ഉത്തരവ് പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പിഴപ്പലിശയിനത്തിലെ ബാധ്യതയായ 39,375/- രൂപ (മുപ്പത്തിയൊൻപതിനായിരത്തി മുന്നൂറ്റി എഴുപത്തിയഞ്ച് രൂപ മാത്രം) ടിയാന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും ഈടാക്കേണ്ടതും ഡി.സി.ആർ.ജി. തികയുന്നില്ലെങ്കിൽ ബാക്കി വരുന്ന തുക ടിയാന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നോ അനന്തരാവകാശികളിൽ നിന്നോ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഈടാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷാജൻ.എ
അഡിഷണൽ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം. (അസ്സൽ രേഖകൾ സഹിതം).

ശ്രീമതി. സ്വപ്ന.കെ, W/o പി.ഗിരീഷ്.(അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (13.03.2024 ലെ 246101/HBA-1/2022-Fin പ്രകാരം).
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Noushad S
Date: 21-03-2024 12:55:36
സെക്ഷൻ ഓഫീസർ